LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലവിഭവ (ഐ.ആർ.) വകുപ്പിന്റെ 27-6-2014-ലെ 30863/ഐ.ആർ1/12/ജ.വി.വ. നമ്പർ കത്ത് പ്രകാരം റാന്നി സർക്കാർ ഐ.ടി.ഐ-ക്ക് വേണ്ടി റാന്നി വില്ലേജിൽ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 517/6, 6-2, 6-10 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 0.749 ഹെക്ടർ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പി.ഐ.പി.-യിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ റാന്നി വില്ലേജിൽ സർവ്വേ നമ്പർ 517/6, 6-2, 6-10 ൽപ്പെട്ട 0.749 ഹെക്ടർ സ്ഥലം റാന്നി സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറണമെന്ന് ആവശ്യപ്പെട്ട് 4-11-2014-ലെ ഐ 4-23764/10 നമ്പർ കത്ത് പ്രകാരം ടെയിനിംഗ് ഡയറക്ടറിൽ നിന്നും അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്.

(സി&ഡി) ഭൂമി കൈമാറിയിട്ടില്ല. കൈമാറേണ്ട സ്ഥലത്തിന്റെ മഹസ്സർ. എഫ്.എം.ബി.-യുടെ പകർപ്പ്, പുറമ്പോക്ക് രജിസ്റ്ററിന്റെ പകർപ്പ്, സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ്, പി.ഐ.പി.യിൽ നിന്നും കൈമാറ്റം ചെയ്തു ലഭിച്ചതിന്റെ രേഖകൾ എന്നിവ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഉചിതമായ ശുപാർശയോടെ അനന്തര നടപടികൾക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട് -വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

119(4750) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 2 വർഷത്തിനിടയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വഴി വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) റിവർ മാനേജ്മെന്റ് വഴി പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകളും മാനദണ്ഡങ്ങളും എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോട്ടയം ജില്ലയിൽ വൈക്കം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വഴി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, ചട്ടങ്ങൾ എന്നിവ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം ലഭ്യമാകുന്ന പദ്ധതികൾക്ക് സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി ഭരണാനുമതി നൽകി വരുന്നു.

അനധികൃത പാറ ഖനനം

120(4751) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി കയ്യേറി പാറ ഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസി സങ്കേതങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽപ്പോലും ഭൂമി കയ്യേറിയുള്ള അനധികൃത ഖനനം നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ;

(സി) മുക്കുന്നിമലയിൽ ഇത്തരത്തിലുള്ള എത്ര കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സർക്കാർ ഭൂമി കയ്യേറിയുള്ള ഇത്തരം ക്വാറികളുടെ പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ ഒത്താശയുണ്ടെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?